II ഇ.ബി. XII കേരള നിയമസഭ/XV-22

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

**2010 ജൂലൈ 28, ബുധൻ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

75 (*631) **കുടുംബശ്രീ അയൽക്കൂട്ടങ്ങൾ നടത്തിയ സംഘക്കൃഷി**

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, കഴിഞ്ഞ വർഷം കുടുംബശ്രീ അയൽക്കൂട്ടങ്ങൾ 17,714 ഏക്കർ തരിശുഭൂമി ഉൾപ്പെടെ 62,655 ഏക്കറിൽ സംഘക്കൃഷി ചെയ്തിട്ടുണ്ടെന്നും ഈ വർഷം 10,000 ഏക്കർ തരിശ് ഭൂമി ഉൾപ്പെടെ 75,000 ഏക്കറിൽ സംഘക്കൃഷി ചെയ്യാനാണ് ലക്ഷ്യമെന്നും സഭയെ അറിയിച്ചു. സംഘക്കൃഷിക്ക് പഞ്ചായത്തുകളിൽ നിന്നും വളങ്ങൾക്ക് 50 ശതമാനം വരെയും കീടനാശിനികൾക്ക് 50 ശതമാനവും പച്ചക്കറി വിത്തുകൾക്കും തൈകൾക്കും നെൽവിത്തുകൾക്കും 100 ശതമാനവും പമ്പ്സെറ്റ്, സ്പ്രേയറുകൾ മറ്റു കാർഷികോപകരണങ്ങൾ എന്നിവയ്ക്ക് 50 ശതമാനവും ട്രാക്ടറുകൾ, ട്രില്ലറുകൾ, മറ്റുകാർഷിക യന്ത്രങ്ങൾ എന്നിവയ്ക്ക് 100 ശതമാനവും ജലസേചന കിണറിന് ബി.പി.എൽ. കർഷകർക്ക് 100 ശതമാനവും എ.പി.എൽ. കർഷകർക്ക് 50 ശതമാനവും സബ്സിഡി അനുവദിച്ചിട്ടുണ്ട്. കൃഷിച്ചെലവിനായി 2,500 രൂപ വീതം ഹെക്ടർ ഒന്നിന്

സബ്സിഡിയായി നൽകുന്നുണ്ട്. ഒറ്റത്തവണ ഭൂവികസനത്തിനുള്ള സഹായം എൻ.ആർ.ഇ.ജി.എസ്-ൽ നിന്നും നൽകുകയും ഈ പദ്ധതികൾ മുഖേന തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് ശ്രമിക്കുകയും ചെയ്യുന്നുണ്ട്. സംഘക്കൃഷിയിൽ നഷ്ടമുണ്ടായ അയൽക്കൂട്ടങ്ങൾക്ക് പ്രത്യേക സഹായം നൽകുകയില്ലെന്നും അവർക്ക് കൃഷി ഭവനിലൂടെയും ബാങ്കുകളിലൂടെയും വിള ഇൻഷ്വറൻസ് വഴി പ്രത്യേക സഹായം നേടാവുന്ന താണെന്നും മന്ത്രി അറിയിച്ചു. മണ്ണഞ്ചേരി, പാലമേൽ

(ആലപ്പുഴ), പാമ്പാക്കുട (എറണാകുളം), മടിക്കൈ, വലിയപറമ്പ (കാസർഗോഡ്), അടാട്ട് (തൃശ്ശൂർ), അകത്തേത്തറ (പാലക്കാട്), മീനങ്ങാടി (വയനാട്), ആര്യനാട് (തിരുവനന്തപുരം), ആദവനാട്, ഇടരിക്കോട് (മലപ്പുറം), കടപ്ര (പത്തനംതിട്ട) എന്നീ പഞ്ചായത്തുകളെയാണ് തരിശുരഹിത പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുള്ളത്. നെൽക്കൃഷിക്കൊപ്പം മറ്റ് കാർഷിക വിളകൾക്കും വിസ്തൃതി/ഉൽപ്പാദന ബോണസ് ഉൾപ്പെടെയുള്ള പ്രോത്സാഹനം നൽകുന്നുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തിറക്കിയ 2009-ലെ സാമ്പത്തിക സർവ്വേ അനുസരിച്ച് കേരളത്തിൽ 2008-09-ൽ 91830 ഹെക്ടർ കൃഷി യോഗ്യമായ തരിശുഭൂമിയും 44939 ഹെക്ടർ മറ്റ് തരിശു ഭൂമിയും ഉണ്ട്. സംഘക്കൃഷി നടത്തുന്ന കുടുംബശ്രീ യൂണിറ്റുകൾക്കും അയൽക്കൂട്ടങ്ങൾക്കും പലിശ രഹിത വായ്പ കൊടുത്ത് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും ചില പഞ്ചായത്തുകളിൽ ക്ലസ്റ്റർ സംവിധാനമുണ്ടാക്കി ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യുന്നുണ്ടെന്നും അത് വിജയകര മാവുകയാണെങ്കിൽ വ്യാപകമാക്കുന്നതാണെന്നും കുന്നത്തുകാൽ മോഡ

ലിൽ ചില പഞ്ചായത്തുകളിൽ രൂപീകരിച്ചിട്ടുളള തൊഴിൽസേനയ്ക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതാണെന്നും തരിശ് ഭൂമി കൃഷിയോഗ്യമാക്കി മാറ്റുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങളൊരുക്കുന്നതിന് അതാത് പ്രദേശത്തെ പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പദ്ധതികൾ തയ്യാറാക്കാവുന്നതാണെന്നും സംഘക്കൃഷി ഉല്പന്നങ്ങൾ സൂക്ഷിക്കുന്നതിനും ആദായകരമായി വിൽക്കുന്നതിനും സഹായം നൽകുന്നതു സംബന്ധിച്ച് പരിശോധിക്കാവുന്നതാണെന്നും മന്ത്രി അറിയിച്ചു. കാർഷിക വൃത്തിയിലേയ്ക്ക് കടന്നുവരുന്ന പുരുഷ സ്വാശ്രയ സംഘങ്ങളെക്കൂടി സഹായിക്കുന്നതു സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്. ചില സ്ഥലങ്ങളിലെ കുടുംബശ്രീ യൂണിറ്റുകൾ വളരെ ഫലപ്രദമായ രീതിയിൽ കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, ടെലിഫോൺ ചാർജ്ജ് എന്നിവ വീടുകളിൽ നിന്ന് കളക്ട് ചെയ്ത് ബന്ധപ്പെട്ട ഓഫീസുകളിൽ അടയ്ക്കുന്നുണ്ടെന്നും ഇത് വ്യാപകമാക്കുന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണെന്നും തൊഴിലുറപ്പ് പദ്ധതിയുടെ മിനിമം കൂലി 200 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ജലാശയങ്ങളിൽ മത്സ്യക്കൃഷി നടത്തുന്നതിന് പഞ്ചായത്തുകൾ ആവശ്യമായ സഹായം ചെയ്യുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

76 (*632) <u>ക്ഷേത്രങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ</u>

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) നൽകിയ മറുപടിയിൽ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ക്ഷേത്രവുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ തുടങ്ങിയവ കണക്കിലെടുത്ത്

തച്ചുശാസ്ത്രവിധി പ്രകാരമാണ് ഓരോ ക്ഷേത്രത്തിന്റേയും പശ്ചാത്തല വികസനവും പുനരുദ്ധാരണ പ്രവർത്തനങ്ങളും നടത്തുന്നതെന്ന് സഭയെ അറിയിച്ചു. കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിലുള്ള പ്രധാന ക്ഷേത്രങ്ങളിൽ ദേവസ്വത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്നും ചോറ്റാനിക്കര ക്ഷേത്രത്തിൽ 15 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ ദേവസ്വം ബോർഡ് അംഗീകരിച്ചിട്ടുണ്ടെന്നും മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ ട്രസ്റ്റി ബോർഡുകളാണ് വികസന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതെന്നും 16.5 കോടി രൂപ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നീക്കിവച്ചിട്ടുണ്ടെന്നും ഗുരുവായൂർ ദേവസ്വവും തനതു ഫണ്ടിൽ നിന്നും വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ശബരിമലയിൽ 2050 വരെ നീണ്ടുനിൽക്കുന്ന ബൃഹത്തായ വികസന പദ്ധതികൾ ഉൾക്കൊള്ളുന്ന ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കിവരികയാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഹൈ പവർ കമ്മിറ്റിയും ശബരിമല മാസ്റ്റർപ്ലാൻ ഇൻഫ്രാ സ്ട്രക്ചർ ഫണ്ട് എന്ന പേരിൽ ഒരു ട്രസ്റ്റും രൂപീകരിച്ചിട്ടുണ്ടെന്നും രണ്ട് കാർഡിയോളജി സെന്ററും ഭക്തർ നടന്നുപോകുന്ന മലയോര ഭാഗങ്ങളിൽ പതിനൊന്നോളം ഓക്സിജൻ പാർലറുകളും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 650 പുതിയ ടോയ്‌ലറ്റുകളും എൺപതോളം കുളി മുറികളും നിർമ്മിച്ചിട്ടുണ്ടെന്നും നിലയ്ക്കൽ, എരുമേലി, പമ്പ, സന്നിധാനം, വണ്ടിപ്പെരിയാർ എന്നിവിടങ്ങളുമായി ബന്ധപ്പെട്ട് ലേ ഔട്ട് പ്ലാനുകളും നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ട ഡിസൈനുകളും എസ്റ്റിമേറ്റുകളും

തയ്യാറാക്കി ക്യൂ കോംപ്ലക്സ് ഉൾപ്പെടെ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണെന്നും ഗുരുവായൂർ ക്ഷേത്രത്തിലെ അടിസ്ഥാന സൗകര്യ വികസനം ചർച്ച ചെയ്യുന്നതിന് സ്ഥലം എം.എൽ.എ., എം.പി., ജനപ്രതിനിധികൾ എന്നിവരുടെ ഒരു സംയുക്ത യോഗം വിളിച്ചുചേർക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. പമ്പാ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി ശബരിമലയിൽ ദ്രവമാലിന്യ നിർമ്മാർജ്ജന പ്ലാന്റിന് 29 കോടി രൂപയുടെ ഭരണാനുമതി നൽകുന്ന കാര്യം മന്ത്രിസഭയുടെ പരിഗണനയിലാണെന്നും ഭരണാനുമതി കിട്ടിയാൽ ഈ സീസണിൽത്തന്നെ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ജലവിഭവ വകുപ്പുമന്ത്രി സഭയെ അറിയിച്ചു. ചെങ്ങന്നൂരിലെ ശിവപാർവ്വതി ക്ഷേത്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യം പരിശോധിക്കാമെന്നും ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ മാലിന്യ സംസ്ക്കരണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടത്തുന്നതാണെന്നും ചമ്രവട്ടം അയ്യപ്പക്ഷേത്രത്തിൽ തീർത്ഥജലത്തിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് ജലവിഭവ വകുപ്പുമന്ത്രിയുമായി ആലോചിച്ച് സംവിധാനമുണ്ടാക്കുന്നതാണെന്നും മേല്പത്തൂർ നാരായണ ഭട്ടതിരിപ്പാടിന്റെ സ്മാരകം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും കൂടൽമാണിക്യം ക്ഷേത്രത്തിലെ സ്വത്ത് തർക്കം പരിഹരിക്കുന്നതു സംബന്ധിച്ച് റവന്യൂ വകുപ്പുമായും ആലോചിക്കുന്നതാണെന്നും ക്ഷേത്രങ്ങൾക്ക് ദേവസ്വം ബോർഡ് ഗ്രാന്റ് നൽകുന്നുണ്ടെന്നും വരുമാനം കൂടുതലുള്ള ക്ഷേത്രങ്ങളുടെ ഫണ്ട് ഉപയോഗിച്ച് മറ്റ് ക്ഷേത്രങ്ങളെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ക്ഷേത്രങ്ങളിലെ

നിവേദ്യങ്ങൾ വിതരണം ചെയ്യുന്നതിന് പ്ലാസ്റ്റിക് കണ്ടെയ്നറുകൾക്കുപകരം തുണി സഞ്ചികളുപയോഗിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാവുന്ന താണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

77(* 633) <u>**മത്സ്യസംസ്ക്കരണ മേഖലയിലെ സ്ത്രീത്തൊഴിലാളികളുടെ പ്രശ്നങ്ങൾ**</u>

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 105 മത്സ്യ സംസ്ക്കരണ പ്ലാന്റുകളിൽ 71 എണ്ണത്തിന് യൂറോപ്യൻ യൂണിയന്റെ അംഗീകാരമുണ്ടെന്നും സംസ്ഥാനത്തെ മത്സ്യ സംസ്ക്കരണശാലകളിൽ വിവിധതരം ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് നിലവിലുള്ള തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള സംരക്ഷണവും ആരോഗ്യപരവും വേതനാപര വുമായ സാമൂഹ്യ നീതിയും ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും ഇല്ലെങ്കിൽ അവശ്യം സ്വീകരിക്കേണ്ട നടപടികൾക്കായും നിലവിലുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്ക് പുതിയ സമീപനങ്ങൾ ആവശ്യ മാണോയെന്ന് വിലയിരുത്തി ശുപാർശകൾ സമർപ്പിക്കുന്നതിനുമായി 2.1.2009-ലെ സർക്കാർ ഉത്തരവ് പ്രകാരം ഫിഷറീസ് സെക്രട്ടറി ചെയർമാനും ഫിഷറീസ് ഡയറക്ടർ കൺവീനറുമായി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കമ്മിറ്റി 24.6.2009, 4.8.2009 എന്നീ തീയതികളിലായി രണ്ട് മീറ്റിംഗുകൾ നടത്തുകയും 4.8.2009-ലെ മീറ്റിംഗിൽ ശക്തികുളങ്ങര, അരൂർ സംസ്ക്കരണശാലകൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ ഫീൽഡുതല പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും ചോദ്യാവലി തയ്യാറാക്കി പീലിംഗ് കേന്ദ്രങ്ങളിൽ

തൊഴിലെടുക്കുന്നവരിൽനിന്നും വിവരം ശേഖരിച്ചുവരികയും ചെയ്യുന്നുണ്ടെന്നും ഒരു മാസത്തിനുള്ളിൽ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. സംസ്ക്കരണശാലകളുടെ ഭരണപരമായ നിയന്ത്രണം സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റിക്കാണ്. സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി സുനാമി ബാധിത മേഖലയായ എറണാകുളം, ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിലെ വനിതാ പീലിംഗ് തൊഴിലാളികൾക്കായി റിവോൾവിംഗ് ഫണ്ട് ഫോർ വർക്കിംഗ് കാപ്പിറ്റൽ ഫോർ പീലിംഗ് വർക്കേഴ്സ് എന്ന പദ്ധതി പ്രകാരം ആളൊന്നിന് 2,000 രൂപ നിരക്കിൽ 13370 പേർക്ക് 2,67,40,000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള മത്സ്യക്കയറ്റുമതിയിൽ 2007–2008-ൽ 1,430.94 കോടി രൂപയുടേയും 2008–2009-ൽ 1,572.18 കോടി രൂപയുടേയും 2009–2010-ൽ 1,668.49 കോടി രൂപയുടേയും വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും മത്സ്യം ഇറക്കുമതി ചെയ്ത് പ്രോസസ്സ് ചെയ്യണമെന്ന കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം അംഗീകരിച്ചിട്ടില്ലെന്നും മത്സ്യങ്ങളുടെ ലഭ്യതക്കുറവുകൊണ്ട് മത്സ്യ സംസ്ക്കരണ പ്ലാന്റുകളുടെ സ്ഥാപിതശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ലെന്നും ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടാണ് മത്സ്യ കേരളം പദ്ധതിയൊക്കെ നടപ്പാക്കുന്നതെന്നും പീലിംഗ് ഷെഡ്ഡുകൾ എം.പി.ഇ.ഡി.യുടെ സഹായത്തോടുകൂടി ഹൈജീനിക്കാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

78(*634) **പോലീസിന്റെ മോഡേണൈസേഷൻ**

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, പോലീസ് ആധുനികവൽക്കരണ ഫണ്ട് വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ഓപ്പറേഷൻ വാഹനങ്ങൾ, സയന്റിഫിക് ഇൻവെസ്റ്റിഗേഷൻ എക്യൂപ്മെന്റ്സ്, ആയുധങ്ങൾ, വാർത്താവിനിമയ/ട്രാഫിക് ഉപകരണങ്ങൾ, എന്നിവ വാങ്ങുകയും പരിശീലനം, കമ്പ്യൂട്ടർവൽക്കരണം, മെഗാസിറ്റി/അർബൻ പോലീസിംഗ് (കൊച്ചി) എന്നിവ നടപ്പാക്കുകയും ചെയ്യുന്നുണ്ടെന്നും 30.06.2010-ലെ കണക്ക് പ്രകാരം കേന്ദ്രത്തിൽനിന്ന് ഇതിനായി 2000-2010 വരെ ആകെ 26994.00 ലക്ഷംരൂപ ലഭിച്ചതിൽ 26359.21 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാന പോലീസിന്റെ മോഡേണൈസേഷന് കേന്ദ്ര സഹായത്തോടെ നടപ്പാക്കിയ പദ്ധതികളുടെ നടത്തിപ്പും പോലീസിന്റെ കാര്യക്ഷമതയിലുണ്ടായ വ്യത്യാസവും വിലയിരുത്തിയിട്ടുണ്ട്. വാഹനസൗകര്യം മെച്ചപ്പെടുത്തിയതിലൂടെ പ്രശ്നബാധിത അപകടമേഖലകളിൽ ചുരുങ്ങിയ സമയം കൊണ്ട് സേവനം നൽകുന്നതിനും മൂന്നു സിറ്റികളിൽ ഡയൽ-100 സിസ്റ്റം നടപ്പിലാക്കിയതിലൂടെ പൊതുജനങ്ങൾക്ക് പോലീസുമായി വളരെവേഗം ബന്ധപ്പെടാനും സാധിക്കുന്നുണ്ട്. ജില്ലകളിലെ പ്രധാന റോഡുകളിൽ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന സെക്യൂരിറ്റി ക്യാമറകൾ ട്രാഫിക് നിയമലംഘനങ്ങളും മറ്റ് കുറ്റകൃത്യങ്ങളും എളുപ്പത്തിൽ കണ്ടെത്താനും 166 പോലീസ് സ്റ്റേഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ലോക്കപ്പ്-മോണിറ്ററിംഗ് സിസ്റ്റം ലോക്കപ്പിനുള്ളിലെ പ്രതികളെ നിരീക്ഷിക്കുന്നതിനും സംസ്ഥാന ഫോറൻസിക്

സയൻസ് ലബോറട്ടറിയിൽ സ്ഥാപിക്കപ്പെട്ട ഡി.എൻ.എ-ഫിംഗർ പ്രിന്റ് പരിശോധനാ സംവിധാനം ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനും സഹായിക്കുന്നുണ്ട്. ഓരോ സ്ഥലത്തുമുള്ള ഡ്രൈവർമാരുടെ കുറവ് കണക്കിലെടുത്തുകൊണ്ട് നവീകരണത്തിന്റെ ഭാഗമായി വാങ്ങിയ വാഹനങ്ങൾക്ക് ആവശ്യമായ ഡ്രൈവർമാരെ നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5907 മുതൽ 6147 വരെയുള്ള ചോദ്യങ്ങളിൽ 119 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)